# STATE RESOURCE CENTRE, KERALA

**UNDER THE MINISTRY OF HUMAN RESOURCE DEVELOPMENT**
**GOVERNMENT OF INDIA**

## കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിലും സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരള നടത്തുന്ന വിവിധ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

| Sl. No. | Course | Course Code | Duration | Eligibility | Fees Details (Service Tax Extra) |
|---|---|---|---|---|---|
| 1. | Professional Diploma in Mechanical & Automobile Engineering | PDMAE | 1 Year | SSLC | **28000/-**<br>10000/- + 9000X2<br>In alternate Months |

**ഇന്ത്യക്കകത്തും, ഗൾഫ്, മറ്റു വിദേശരാജ്യങ്ങളിലുമായി ഓട്ടോമോട്ടീവ് രംഗത്ത് ഉയർന്ന ശമ്പളത്തിൽ അനേകായിരം തൊഴിലവസരങ്ങളുമായി ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് മേഖല**







**ഓട്ടോമൊബൈൽ സർവ്വീസ് ടെക്നീഷ്യൻ**

**ഓട്ടോമോട്ടീവ് വർക്ക്ഷോപ്പ് സൂപ്പർവൈസർ**

**ഓട്ടോ ഇലക്ട്രീഷ്യൻ**

**പെട്രോൾ / ഡീസൽ എഞ്ചിൻ മെക്കാനിക്ക്**

**SRC - Skill Development Training Initiative** ന്റെ ഭാഗമായിട്ടുള്ള ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സിന് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അപേക്ഷ ഫോമിനായി പ്രസ്തുത കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

## Helpline : 92 07 72 51 51, 92 07 72 51 52




**1) ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ് കോഴ്സിന്റെ പ്രാധാന്യവും തൊഴിലവസരങ്ങളും എന്തെല്ലാമാണ്?**

ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ് (ഓട്ടോമോട്ടീവ് എഞ്ചിനീയറിങ്ങ്) എന്ന എഞ്ചിനീയറിങ്ങ് ശാഖ ലോകത്തെമ്പാടും വളരെയധികം വളർന്നുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള National Skill Development Corporation (NSDC) തയ്യാറാക്കിയ തൊഴിൽ പരിശീലന പരിപാടികളിൽ പരിഗണിക്കപ്പെട്ട പ്രധാന ശാഖകളിലൊന്നാണ് ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ് .

ഓട്ടോമൊബൈൽ രംഗത്ത് ടെക്നീഷ്യൻമാരുടെയും സൂപ്പർവൈസർമാരുടെയും ആവശ്യകത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ഓട്ടോമൊബൈൽ രംഗത്ത് വിദഗ്ദ പരിശീലനം നൽകി ഈ മേഖലയിൽ ടെക്നീഷ്യൻമാരുടേയും സൂപ്പർവൈസർമാരുടേയും ലഭ്യത ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് SRC, Kerala ഈ കോഴ്സ് ആരംഭിച്ചിട്ടുളളത്.

**2) കോഴ്സിന് അഡ്മിഷൻ നേടുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അപ്ലിക്കേഷൻ ഫോം എവിടെ നിന്ന് ലഭ്യമാകും ?.**

അഡ്മിഷൻ ലഭിക്കുന്നതിനായ അപേക്ഷാഫോം കോഴ്സ് പഠിക്കാൻ ഉദ്ദേശിക്കുന്ന SRC NSDT Campus ൽ നിന്നും വാങ്ങുകയോ www.srcnsdtcampus.org എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ ചെയ്ത് പ്രസ്തുത കോളേജിൽ തന്നെ സമർപ്പിക്കേണ്ടതാണ്.

**3) ഈ കോഴ്സ് ആർക്കെല്ലാം പഠിക്കാവുന്നതാണ്?**

SSLC പാസ്സായിട്ടുള്ള ഏവർക്കും വളരെ എളുപ്പത്തിൽ പഠിച്ചെടുക്കുവാൻ സാധിക്കുന്ന രീതിയിലാണ് ഈ കോഴ്സിന്റെ സിലബസ്സ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. അടിസ്ഥാന യോഗ്യതയേക്കാൾ ഉപരിയായി ടെക്നിക്കൽ താല്പര്യമുള്ള ഏതൊരു വിദ്യാർത്ഥിക്കും ഈ മേഖല സ്വായത്തമാക്കാവുന്നതാണ്. വാഹന ഉൽപാദനമേഖലയിലും വിപണനരംഗത്തും വില്പനാനന്തര സേവനരംഗത്തും ഗൾഫ് രാജ്യങ്ങളുൾപ്പെടെ ലോകത്താകമാനം വളരെയധികം തൊഴിൽ സാധ്യതയാണുള്ളത്. ലോകോത്തര വാഹനനിർമ്മാണ കമ്പനികളിലും അവരുടെ സർവ്വീസ് ഔട്ട്ലെറ്റുകളിലുമുള്ള ടെക്നീഷ്യൻ/സൂപ്പർവൈസർ കാറ്റഗറിയിലുള്ള ജോലികൾക്ക് പുറമെ സ്വന്തമായി സർവ്വീസ് സെന്റർ തുടങ്ങുവാനും അവസരങ്ങൾ നിരവധിയാണ്. ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ് മേഖലയിലേക്ക് ആദ്യമായി കടന്നുവരുന്ന സാധാരണ വിദ്യാർത്ഥിക്കുപോലും പഠിക്കുവാൻ സാധിക്കുന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. Basic Automobile Engineering, Automobile Transmission, Super Structure & Control System, Automobile Electrical System, Advanced Automobile Engineering എന്നീ വിഷയങ്ങളാണ് കോഴ്സിന്റെ സിലബസ്സിൽ ഉൾപെടുത്തിയിരുക്കുന്നത്.

**4) ഈ ടെക്നിക്കൽ കോഴ്സ് പാർട്ട്ടൈം ആയി പഠിച്ച് പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കേഷൻ നേടാൻ സാധിക്കുമോ ?**

തീർച്ചയായും, ഇപ്പോൾ ടെക്നിക്കൽ മേഖലയിൽ വിവിധ അക്കാദമിക്ക് കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും, ഇപ്പോൾ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെ വിവിധ മേഖലകളിൽ ജോലി ചെയ്തുവരുന്നവർക്കും Morning / Evening ബാച്ചുകളായോ Saturday / Sunday ബാച്ചുകളായോ ഈ ടെക്നിക്കൽ കോഴ്സ് പാർട്ട് ടൈം ആയി പഠിക്കുവാനും, പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് നേടുവാനും സാധിക്കുന്നതാണ്.

**Helpline : 92 07 72 51 51, 92 07 72 51 52**

**കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയത്തിന്റെ കീഴിലും സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലും പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരള യുടെ ഓൺലൈൻ വെരിഫിക്കേഷൻ സാധ്യമായ സർട്ടിഫിക്കറ്റ് നേടുവാൻ സാധിക്കുന്നു എന്നുള്ളതാണ് ഈ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. വിദ്യാർത്ഥികൾക്ക് നൽക്കുന്ന സർട്ടിഫിക്കറ്റിൽ ഹോളോ ഗ്രാമിനോടൊപ്പം തന്നെ പ്രത്യേക Authentication code ഉം ആലേഖനം ചെയ്തിട്ടുള്ളതിനാൽ സർട്ടിഫിക്കറ്റിന് ലോകത്തെവിടെനിന്നും ഓൺലൈൻ വെരിഫിക്കേഷൻ ലഭിക്കുന്നതാണ്.**

**5) കോഴ്സിന് ചേർന്ന വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എന്ന് മുതലാണ് ആരംഭിക്കുന്നത്?**

അഡ്മിഷൻ സമയത്ത് Rs. 4000 (Service tax extra) അടച്ച്, രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ബാച്ചുകൾ തരം തിരിച്ചതിന് ശേഷം, വിദ്യാർത്ഥികളെ ഫോൺ മുഖേനയോ, തപാലിലൂടെയോ അറിയിക്കുന്നതാണ്. ക്ലാസ് തുടങ്ങുന്നതിന് മുൻപായി ഫീസിന്റെ ആദ്യ ഗഡുവായ Rs.10000 (Service Tax extra) രൂപയിൽ ബാക്കിഫീസ് 6000 (Service Tax extra) അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. തുടർന്ന് ഒന്നിടവിട്ട മാസങ്ങളിൽ Rs.9000 (Service Tax extra) പ്രകാരം 2 തവണകളിലായി ഫീസ് മുഴുവനും അടച്ച് തീർക്കേണ്ടതാണ്.

**6) വിദ്യാർത്ഥികളുടെ പഠന നിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?**

വ്യത്യസ്ത വിദ്യാഭ്യാസ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഒരേ പോലെയുള്ള ഉയർന്ന പഠനനിലവാരം ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച Student Performance Evaluation System ന്റെ സഹായത്താൽ കോഴ്സിന്റെ ഒരോ ഭാഗവും വിദ്യാർത്ഥികൾക്കും തുടർന്ന് അവരുടെ രക്ഷിതാക്കൾക്കും പരിശോധിക്കുവാനും ഓരോ ഭാഗവും വ്യക്തമായി പഠിച്ചതിന് ശേഷം മാത്രം അടുത്തഭാഗം പഠിക്കുവാനും വിദ്യാർത്ഥികൾക്ക് കഴിയുന്നു. തൻമൂലം കോഴ്സിന്റെ പഠനനിലവാരം സ്ഥാപനത്തിനോടൊപ്പം തന്നെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ ഉറപ്പുവരുത്താൻ സാധിക്കും.

**7) SC/ST/BPL/SEBC/OEC വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാണോ ?**

SC/ST വിദ്യാർത്ഥികൾക്ക് 10% വും BPL വിദ്യാർത്ഥികൾക്ക് 5% വും SEBC/OEC വിദ്യാർത്ഥികൾക്ക് 5% വും വീതം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. സംവരണ സീറ്റിലേക്കുള്ള പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും. ഈ സീറ്റുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൽ 50% ഇളവ് ലഭിക്കുന്നതാണ്. അഡ്മിഷൻ സമയത്തുതന്നെ SC/ST/BPL/SEBC/OECവിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. വൈകി സമർപ്പിക്കുന്ന രേഖകൾ പരിഗണിക്കുന്നതല്ല.

BPLവിദ്യാർത്ഥികൾ റേഷൻ കാർഡിന്റെ അറ്റസ്റ്റഡ് കോപ്പിയും, വരുമാനസർട്ടിഫിക്കറ്റിന്റെ ഒറിജിനൽ കോപ്പിയും ഹാജരാക്കേണ്ടതാണ്. SC/ST/SEBC/OEC വിദ്യാർത്ഥികൾ ജാതി തെളിയിക്കുന്ന രേഖയുടെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്.

**8) ഇന്റേൺഷിപ്പ് സപ്പോർട്ട്?**

കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനായി വിവിധ ഇന്റസ്ട്രികളിൽ SRC Kerala യുടെ നേതൃത്ത്വത്തിൽ സർട്ടിഫിക്കറ്റോടു കൂടി ഇന്റേൺഷിപ്പ് നേടുന്നതിനുള്ള അസിസ്റ്റൻസ് നൽകുന്നതാണ്.

കമ്പനികളിൽ ഇന്റേൺഷിപ്പ് പോകുവാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ, പ്രസ്തുത കമ്പനികൾ നിഷ്കർഷിക്കുന്ന ഫീസ്, കാലാവധി, താമസം, ഭക്ഷണം, സമയക്രമം തുടങ്ങിയ വിവിധ നിബന്ധനകൾ അനുസരിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കും.

**9) ജോബ് സപ്പോർട്ട്?**

ലോകത്താകമാനമുള്ള മെക്കാനിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് മേഖലയിലെ തൊഴിലവസരങ്ങളെ കുറിച്ച് അറിയുന്നതിനും അവ പ്രയോജനപ്പെടുത്തുന്നതിനുമായുള്ള പ്ലേയ്സ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സെല്ലിലും ജോബ് പോർട്ടലിലും സൗജന്യമായി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം SRC, Kerala യുടെ നേതൃത്വത്തിൽ സജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും തൊഴിൽ നേടാൻ സഹായകരമായ ഓൺലൈൻ വെരിഫിക്കേഷൻ സൗകര്യം ഉള്ളതിനാൽ വിദ്യാർത്ഥികളുടെ Authentication Code ഉപയോഗിച്ച് ലോകത്തെവിടെയും ഉള്ള കമ്പനികൾക്ക് സർട്ടിഫിക്കറ്റ് ഇന്റർനെറ്റിലൂടെ പരിശോധിച്ച് സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ കഴിയുന്നതാണ്.


**Helpline : 92 07 72 51 51, 92 07 72 51 52**



## ഓട്ടോമൊബൈൽ എഞ്ചിൻ സിസ്റ്റം


ഒരു മോട്ടോർ വാഹനത്തെപ്പറ്റി ചിന്തിക്കുമ്പോൾ അതിൽ പരമ പ്രധാനമായ ഭാഗം ആ വാഹനത്തിന്റെ എഞ്ചിൻ തന്നെയാണ്.

ഒരു വാഹനത്തെ ചലിപ്പിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ പവർ ഒരു ഇന്ധനത്തിന്റെ സഹായത്തോടെ ഉൽപ്പാദിപ്പിക്കുവാൻ എഞ്ചിൻ എന്ന ഘടകം കൂടിയെ തീരൂ. ഇത്തരം എഞ്ചിനുകളുടെ ഇൻസ്പെക്ഷൻ, ടെസ്റ്റിങ്ങ്, മെയ്ന്റനൻസ്,അസംപ്ലിങ്ങ് , റിപ്പയറിങ്ങ് തുടങ്ങി നിരവധി മേഖലകളിൽ ഒരു വർഷത്തെ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നേടുവാൻ സാധിക്കുന്നു.



## ഓട്ടോമൊബൈൽ ട്രാൻസ്മിഷൻ സിസ്റ്റം

ഓട്ടോമൊബൈൽ സെക്ടറിൽ പ്രായോഗിക പരിശീലനം നേടുമ്പോൾ വിദ്യാർത്ഥികൾ നിർബന്ധമായും അറിവ് നേടേണ്ട ഒരു പ്രധാനപ്പെട്ട മേഖലയാണ് ട്രാൻസ്മിഷൻ സിസ്റ്റം. ഒരു വാഹനത്തിന്റെ എഞ്ചിൻ ഉൽപ്പാദിപ്പിക്കപ്പെടുന്ന മെക്കാനിക്കൽ പവർ വാഹനത്തിന്റെ വീലുകളിലേക്ക് എത്തിച്ചുകൊടുക്കുന്ന സംവിധാനത്തെയാണ് ട്രാൻസ്മിഷൻ സിസ്റ്റം എന്ന് പറയുന്നത്. ഒരു വാഹത്തിന്റെ ട്രാൻസ്മിഷൻ സിസ്റ്റത്തിലെ ഗിയർബോക്സ്, ക്ലച്ച്, ഡിഫറൻഷ്യൽ, പ്രൊപ്പല്ലർ ഷാഫ്റ്റ്, ഇലക്ട്രിക്കൽ ഗാഡ്ജെറ്റ്സ് തുടങ്ങിയ പ്രധാന ഭാഗങ്ങളിൽ വിദ്യാർത്ഥികൾ പ്രായോഗിക പരിശീലനം നേടേണ്ടത് അത്യന്താപേക്ഷിതമാണ്.



## ഓട്ടോമോട്ടീവ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്

ഓട്ടോമൊബൈൽ മേഖലയിൽ ട്രെയിനിങ്ങ് നേടുമ്പോൾ എഞ്ചിനുകളെക്കുറിച്ച് പഠിക്കുക എന്നതുപോലെത്തന്നെ പ്രാധാന്യമുള്ള കാര്യമാണ് വാഹനങ്ങളിലെ ഇലക്ട്രിക് & ഇലക്ട്രോണിക് സിസ്റ്റത്തിൽ പ്രായോഗിക പരിശീലനം നേടുക എന്നുള്ളത്. ആധുനിക ലോകത്ത് നിർമ്മിക്കപ്പെടുന്ന ഭൂരിഭാഗം വാഹനങ്ങളും അത്യാധുനിക ടെക്നോളജികൾ ഉപയോഗിച്ചുകൊണ്ട് നിയന്ത്രിക്കപ്പെടുന്നതിനാൽ ഇലക്ട്രോണിക്സ് ലോക്കിങ്ങ് സിസ്റ്റം, എന്റർടെയ്ൻമെന്റ് സിസ്റ്റം, ഇലക്ട്രിക് വിന്റോസ് സിസ്റ്റം തുടങ്ങി നിരവധി ഓട്ടോ മൊബൈൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മേഖലയിൽ പ്രായോഗിക പരിജ്ഞാനമുള്ള പ്രഫഷണലുകൾക്കാണ് ഏറ്റവും അധികം തൊഴിലവസരങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

SRC_ADVT_17_09

**Helpline : 92 07 72 51 51, 92 07 72 51 52**